"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് - ജീവനക്കാര്യം -പി.കെ.മോഹനകുമാർ(Late) -ന്റെ ചികിത്സാചെലവ് പ്രതിപൂരണം ചെയ്തു നല്കുവാൻ അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.254/2025/LBR തീയതി,തിരുവനന്തപുരം, 24-02-2025

---

പരാമർശം:- 1. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 05/12/2024 ലെ കെ.5/918/2023/ഡി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പിൽ പെരുമ്പാവൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായിരുന്ന, 08.11.2019 -ൽ മരണപ്പെട്ട പി.കെ. മോഹനകുമാറിന് കൊച്ചി മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്തു നല്കുന്നതിനായി ശ്രീമതി. ദേവിക മോഹനകുമാർ സമർപ്പിച്ച അപേക്ഷ പരാമർശ കത്ത് പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ പെരുമ്പാവൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായിരുന്ന 08.11.2019 -ൽ മരണപ്പെട്ട ശ്രീ. പി.കെ. മോഹനകുമാറിന് കൊച്ചി മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിത്സയ്ക്ക് ചെലവായ 8,19,461/- (എട്ട് ലക്ഷത്തി പത്തൊൻപതിനായിരത്തി നാന്നൂറ്റി അറുപത്തി ഒന്ന് രൂപ മാത്രം) രൂപയിൽ അനുവദനീയ തുകയായി ആരോഗ്യ വകുപ്പ് ഡയറക്ടർ രേഖപ്പെടുത്തിയിട്ടുള്ള 7,56,548/- (ഏഴ് ലക്ഷത്തി അൻപത്തി ആറായിരത്തി അഞ്ഞൂറ്റി നാൽപ്പത്തി എട്ട് ) രൂപയുടെ 80 ശതമാനമായ 6,05,238/- രൂപ ( ആറ് ലക്ഷത്തി അയ്യായിരത്തി ഇരുന്നൂറ്റി മുപ്പത്തി എട്ട് രൂപ മാത്രം). മാനുഷിക പരിഗണന നൽകി പ്രതിപൂരണം ചെയ്തു നൽകാൻ എംപ്ലോയ്മെന്റ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ വാസുകി കെ ഐ എ എസ്

സെക്രട്ടറി

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം (അസ്സൽ ബില്ലുകളും അനുബന്ധ രേഖകളും ഉള്ളടക്കം ചെയ്യുന്നു)

ശ്രീമതി. ദേവിക മോഹനകുമാർ , W/O Late. പി.കെ. മോഹനകുമാർ . (എംപ്ലോയ്മെന്റ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പൊതുഭരണ (എസ് സി) വകുപ്പ് (19/02/2025 ലെ ഇനം നമ്പർ 2725 പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Kavitha I

Date: 24-02-2025 11:48:47

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 19-02-2025**

ഫയൽ നം. ജി1/32/2023-തൊഴിൽ.

ഇനം നം: 2725

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - പി.കെ. മോഹനകുമാർ (Late)-ന്റെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിലുള്ള നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ, പെരുമ്പാവൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായിരിക്കെ അന്തരിച്ച ശ്രീ. പി.കെ. മോഹനകുമാറിന്റെ ചികിത്സാ ചെലവുകൾ പ്രതിപൂരണം ചെയ്ത് നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ പെരുമ്പാവൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സേവനമനുഷ്ഠിക്കവെ തലച്ചോറിലെ മുഴയെതുടർന്ന് **08/11/2019** മരണമടഞ്ഞ ശ്രീ.മോഹന കുമാർ.പി.കെ.യ്ക്ക് കൊച്ചിയിലെ സ്വകാര്യ സ്ഥാപനമായ മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ചികിത്സ തേടിയ വകയിൽ ചെലവായ 8,19,461/- (എട്ട് ലക്ഷത്തി പത്തൊൻപതിനായിരത്തി നാന്നൂറ്റി അറുപത്തി ഒന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിനായുള്ള അപേക്ഷയും അനുബന്ധ രേഖകളും എംപ്ലോയ്മെന്റ് ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

3. കൊച്ചി മെഡിക്കൽ ട്രസ്റ്റ് ആശുപത്രി സർക്കാർ ജീവനക്കാർക്ക് ചികിത്സ തേടാൻ അനുമതിയുള്ള സ്വകാര്യ ആശുപത്രികളുടെ പട്ടികയിൽ ഉൾപ്പെടുന്നതാണെങ്കിലും ടി ആശുപത്രിയിൽ റേഡിയോളജി വിഭാഗത്തിന് പ്രസ്തുത അംഗീകാരം ഇല്ല. ഈ വിഷയത്തിൽ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ അഭിപ്രായം താഴെ പറയും പ്രകാരമാണ്.

" This Department agrees to accord expost facto sanction for the Subarachnoid haemorrhage treatment of Late Sri.Mohanakumar.p K, Selection Grade Typist, Town Employment Exchange, Perumbavoor at Medical Trust Hospital, Kochi as a special case in relaxation of existing KGSMA Rules, 1960 so as to reimburse 80%

of the admissible amount. verified by the Director of Health Services, Thiruvananthapuram at Government rate, with the concurrence of Finance Department.

This has the approval of Hon'ble Minister for Health and Social Justice."

4. ചികിത്സ തേടിയ വകയിൽ ചെലവായ 8,19,461/- (എട്ട് ലക്ഷത്തി പത്തൊൻപതിനായിരത്തി നാന്നൂറ്റി അറുപത്തി ഒന്ന് രൂപ മാത്രം)രൂപയിൽ അനുവദനീയ തുകയായി ആരോഗ്യ വകുപ്പ് ഡയറക്ടർ രേഖപ്പെടുത്തിയിട്ടുള്ളത് 7,56,548 (ഏഴ് ലക്ഷത്തി അൻപത്തി ആറായിരത്തി അഞ്ഞൂറ്റി നാൽപ്പത്തി എട്ട് ) രൂപയാണ്.

5. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ പറയും പ്രകാരമാണ്.

*"ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ അനുമതി ഉണ്ടെങ്കിലും, 12.06.2020 - ലെ 34/2020/ധന, പരിപത്രം പ്രകാരം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ കൈകൊണ്ട നിലപാട് അനുസരിച്ച് സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിൽ അല്ലാതെ ചികിത്സ തേടുന്ന കേസുകളിൽ ചികിത്സാ തുക പ്രതിപൂരണം ചെയ്ത് നൽകുന്നത് പരിഗണനാർഹമല്ലാത്തതിനാലും മരണമടഞ്ഞ മോഹൻകുമാർ.പി.കെയുടെ ചികിത്സ നടത്തിയ കൊച്ചി മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ Department of Radiology യ്ക്ക് സർക്കാർ അംഗീകാരമില്ലാത്തതിനാലും ചികിത്സാ തുക പ്രതിപൂരണം ചെയ്ത് നൽകണമെന്നുള്ള ഭരണ വകുപ്പ് ശിപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുന്നു. സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ച 12.6.2020 - ന് മുൻപുള്ള ചികിത്സാ കാലയളവാണെങ്കിൽ പോലും ചികിത്സാ തുക പ്രതിപൂരണം ചെയ്തു നൽകുന്ന വിഷയം പരിഗണനാർഹമല്ലായെന്നു കൂടി ഭരണ വകുപ്പിനെ അറിയിക്കുന്നു."*

6. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 21.10.2021-ലെ ജി/12/2020-തൊഴിൽ നമ്പർ സർക്കാർ കത്ത് പ്രകാരം അപേക്ഷ സർക്കാർ നിരസിച്ചിരുന്നു.

അന്തരിച്ച ശ്രീ.പി.കെ.മോഹനകുമാറിന്റെ ഭാര്യയായ ശ്രീമതി. ദേവിക മോഹനകുമാർ ബഹു. മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ (G.No.G1230200052) വീണ്ടും പരാതി സമർപ്പിക്കുകയും ഫയൽ വീണ്ടും ബഹു പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിവഴി ബഹു ധനകാര്യ വകുപ്പ് മന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തെങ്കിലും ടി വകുപ്പ് മുൻ അഭിപ്രായം തന്നെ ലഭ്യമാക്കിയതിനാൽ 07.06.2023-ലെ ജി/32/2023-തൊഴിൽ നമ്പർ സർക്കാർ കത്ത് പ്രകാരം ശ്രീമതി. ദേവിക മോഹനകുമാറിന്റെ ആവശ്യം വീണ്ടും നിരസിച്ചു. കൊച്ചി മെഡിക്കൽ ട്രസ്റ്റ് ആശുപത്രി സർക്കാർ ജീവനക്കാർക്ക് ചികിത്സ നേടാൻ അനുമതി ഉള്ളതാണെങ്കിലും റേഡിയോളജി വിഭാഗത്തിന് അംഗീകാരമില്ല എന്ന വസ്തുത അറിയാതിരുന്നതിനാലാണ് അവിടെ ചികിത്സ തേടിയതെന്നും, ആയതിനാൽ മാനുഷിക പരിഗണന നൽകി ഈ വിഷയത്തിൽ തീരുമാനമെടുക്കണമെന്നും കാണിച്ച് ശ്രീമതി. ദേവിക മോഹനകുമാർ സമർപ്പിച്ച അപേക്ഷയിന്മേൽ വീണ്ടും ഫയൽ ഉത്തരവിനായി ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ, പെരുമ്പാവൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായിരുന്ന 08.11.2019-ൽ അന്തരിച്ച ശ്രീ. പി.കെ. മോഹനകുമാർ, കൊച്ചിയിലെ സ്വകാര്യ സ്ഥാപനമായ മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ചികിത്സ തേടിയ വകയിൽ ചെലവായ 8,19,461/- (എട്ട് ലക്ഷത്തി പത്തൊൻപതിനായിരത്തി നാനൂറ്റി അറുപത്തി ഒന്ന് രൂപ മാത്രം) രൂപയിൽ

അനുവദനീയ തുകയായി ആരോഗ്യ വകുപ്പ് ഡയറക്ടർ രേഖപ്പെടുത്തിയിട്ടുള്ള 7,56,548/- (ഏഴ് ലക്ഷത്തി അൻപത്തി ആറായിരത്തി അഞ്ഞൂറ്റി നാൽപ്പത്തി എട്ട് ) രൂപയുടെ 80 ശതമാനമായ **6,05,238/-** രൂപ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്കൊണ്ട് മാനുഷിക പരിഗണന നൽകി പ്രതിപൂരണം ചെയ്തു നൽകാൻ എംപ്ലോയ്മെന്റ് ഡയറക്ടർക്ക് അനുമതി നൽകാമോ ?